പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6131** **10.07.2012 ൽ മറുപടിയ്ക്ക്**

**കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം**

| **ചോദ്യം**<br>ശ്രീ.ഇ.ചന്ദ്രശേഖരൻ | **മറുപടി**<br>ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (എ) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സംസ്ഥാന ദുരന്തനിവാരണനിധിയിൽ നിന്ന് നൽകുന്ന നഷ്ടപരിഹാരത്തുകയുടെ തോത് 11.06.2012 ലെ ജി.ഒ.(എംഎസ്.) നം.239/2012/ഡിഎംഡി ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഇഞ്ചികൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്ന പദ്ധതിയിൽ കാസർഗോഡ് ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാസർഗോഡ് ജില്ലയെ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് സംസ്ഥാന ദുരന്തനിവാരണനിധിയിൽ നിന്ന് നൽകുന്ന ആനുകൂല്യത്തിന് കാസർഗോഡ് ജില്ല ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ രോഗബാധ മൂലം ഇഞ്ചികൃഷിനാശം സംഭവിച്ചിട്ടുള്ള കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരത്തിന് കാസർഗോഡ് ജില്ലയെ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

കേരള സർക്കാർ


സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് എസ്.ഡി.ആർ.എഫ് മാനദണ്ഡം വഴി നല്കിവരുന്ന നഷ്ടപരിഹാരത്തുകയുടെ തോത് പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.


ഡിസാസ്റ്റർ മാനേജ്മെൻറ് (റവന്യൂ - കെ) വകുപ്പ്

സ.ഉ.(എം.എസ്)നം.239/2012/ഡി.എം.ഡി. തിരുവനന്തപുരം, തീയതി, 11/06/2012

പരാമർശം:- 1. സ.ഉ(എം.എസ്)നം.89/2009/ഡി.എം.ഡി തീയതി.16.02.2009
2. സ.ഉ(എം.എസ്)നം.172/2012/ഡി.എം.ഡി തീയതി.28.04.2012

## ഉത്തരവ്

പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും (സംസ്ഥാന ദുരന്ത നിവാരണ നിധി) അനുവദിയ്ക്കാവുന്ന നഷ്ടപരിഹാര തുകയുടെ ,തോത് കാർഷിക വിളകളുടെ പ്രത്യേക ഇനം തിരിച്ച്,പരാമർശ സർക്കാർ ഉത്തരവ് ഒന്ന് പ്രകാരം നിർണ്ണയിച്ചിരുന്നു. സംസ്ഥാനത്ത് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ഇപ്പോൾ നല്കിവരുന്ന നഷ്ടപരിഹാരത്തിന്റെ തോത് പുനർനിർണ്ണയിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുവാൻ റവന്യൂ വകുപ്പ് മന്ത്രിയും കൃഷി വകുപ്പ് മന്ത്രിയും അടങ്ങുന്ന മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തികൊണ്ട് പരാമർശം രണ്ട് പ്രകാരം ഉത്തരവായിരുന്നു.

മന്ത്രിസഭാ ഉപസമിതിയുടെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശങ്ങൾക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും നല്കിവരുന്ന നഷ്ടപരിഹാരതുകയുടെ തോത് അനുബന്ധം - 1 ൽ പറയുന്ന പ്രകാരം 2012 ഏപ്രിൽ 1 മുതൽ പുനർനിർണ്ണയിച്ചു ഉത്തരവാകുന്നു. അനുബന്ധം - 1 ൽ ഉൾപ്പെടാത്ത ഇനങ്ങൾക്കുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച നിരക്കിലാകും ലഭ്യമാക്കുക.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.ബി വത്സലകുമാരി
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, കൃഷി വകുപ്പ്
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളാ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളാ, തിരുവനന്തപുരം
കൃഷി/മൃഗസംരക്ഷണം/മത്സ്യബന്ധന വകുപ്പുകൾ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ശാസ്ത്ര സാങ്കേതിക വകുപ്പ്
റവന്യൂ (കെ4) സീറ്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| Crop | Existing Rate as per GO(Ms)89/2009/ DMD | Revision Proposed by the Committee of Ministers |
|---|---|---|
| Paddy (ha) | 4000 | 10000 |
| Coconut (Bearing per no) | 300 | 700 |
| Coconut (not bearing per no) | 100 | 350 |
| Coconut (upto 1 year per no) | 25 | 100 |
| Banana bunched per no | 25 | 100 |
| Banana (non-bunched per no) | 12 | 75 |
| Rubber tapping per no | 60 | 300 |
| Rubber (non tapping per no) | 25 | 200 |
| Cashew (bearing per no) | 60 | 150 |
| Cashew (non bearing above 3/years per no) | 20 | 100 |
| Arecanut bearing per no | 45 | 150 |
| Arecanut (per no non bearing) | 30 | 100 |
| Cocoa (bearing per no) | 30 | 100 |
| Coffee (per no) | 30 | 100 |
| Pepper (bearing per no) | 20 | 75 |
| Ginger (for 10 cents) | 50 | 150 |
| Turmeric (for 10 cents) | 50 | 120 |
| Tapioca (for 25 cents) | 50 | 150 |
| Groundnut (ha) | 750 | 2000 |
| Sesamum | 750 | 1200 |
| Vegetables (for 10 cents) | 50 | 200 |
| Nutmeg (bearing per no) | 100 | 400 |
| Nutmeg (non bearing) | 50 | 150 |
| Clove (bearing per no) | 75 | 200 |
| Clove (non bearing per no) | 25 | 100 |
| Cardamom (ha) | 1500 | 2500 |
| Betel vine (1 cent) | 150 | 300 |
| Pulser (1 ha) | 350 | 1000 |
| Tuber crops (colocasia, yam etc) 10 cents | 50 | 150 |
| Sugarcane (ha) | 1250 | 2500 |
| Pineapple (for 10 cents) | 125 | 750 |
| Fodder grass (gunica congosignal napier 10 cents) | 30 | 150 |
| Mulbery (50 cents) | 125 | 750 |
| Tobacco (10 cents) | 300 | 1500 |
| Cotton (10 cents) | 100 | 300 |